**Joseph Srampickal**
*Bishop,*
*Syro Malabar Eparchy of Great Britain*

Bishop's Office
Our Lady of Rosary and
St. Terese of Lisieux Church,
141, Parkfield Road
Saltley, Birmingham
United Kingdom
B8 3BB
Email: *bishop@csmegb.org*

Circular 1/2025 11 February 2025

# വിമൻസ് ഫോറം ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്

മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരീ സഹോദരന്മാരേ,

ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതയിൽ ആദ്യമായി രൂപീകൃതമായ സംഘടനയായ വിമൻസ് ഫോറം രൂപതയിലെ ഭൂരിപക്ഷം ഇടവക / മിഷൻ / പ്രൊപ്പോസ്ഡ് മിഷൻ തലങ്ങളിൽ സ്തുത്യർഹമായി പ്രവർത്തിച്ചു വരുന്നു. വിമൻസ് ഫോറത്തിന്റെ അംഗങ്ങളായി പ്രവർത്തിക്കുന്നവരേയും അതിനു പ്രോത്സാഹനം നൽകി ചേർത്തുനിർത്തുന്നവരേയും പ്രത്യേകം അഭിനന്ദിക്കുകയും നന്ദിപറയുകയും ചെയ്യുന്നു. ആരംഭം മുതൽ ഇന്ന് വരെ വിമൻസ് ഫോറം പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുകയും സജീവമായി നിലനിർത്താൻ സഹായിക്കുകയും ചെയ്യുന്ന എല്ലാ ഭാരവാഹികളേയും പ്രത്യേകമായി അഭിനന്ദിക്കുവാനും നന്ദിപറയുവാനും ഈ അവസരം ഉപയോഗിക്കുന്നു. തുടർന്നും ഈ പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകാൻ കൂടുതൽ തീക്ഷ്ണതയോടെ പ്രവർത്തിക്കേണ്ടത് ആവശ്യമാണ്.

ഇപ്പോഴുള്ള ഭാരവാഹികളുടെ കാലാവധി ഈ വർഷം അവസാനിക്കുന്നതുകൊണ്ട് അടുത്ത രണ്ടു വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടതുണ്ട്. ജൂലൈ 31-നു മുൻപായി യൂണിറ്റ് തലത്തിലും സെപ്റ്റംബർ 30-നു മുൻപായി റീജിയണൽ തലത്തിലും നവംബർ മാസത്തിൽ രൂപതാ തലത്തിലും തിരഞ്ഞെടുപ്പുകൾ നടക്കേണ്ടതുണ്ട്. വിമൻസ്ഫോറത്തിന്റെ നിയമാവലിയിൽ നല്കിയിരിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തിരഞ്ഞെടുപ്പ് നടത്താൻ ശ്രദ്ധിക്കുമല്ലോ. താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേക ശ്രദ്ധക്കായി നൽകുന്നു.

1. ഒരു ഇടവക / മിഷൻ / പ്രൊപ്പോസ്ഡ് മിഷൻ ഒരു യൂണിറ്റ് എന്ന തലത്തിലായിരിക്കും തിരഞ്ഞെടുപ്പ് നടത്തുക. വ്യത്യസ്ത കുർബാനകേന്ദ്രങ്ങൾ ഉള്ള സ്ഥലങ്ങളിൽ ആവശ്യമെങ്കിൽ പ്രത്യേക യൂണിറ്റ് ആയി രജിസ്റ്റർ ചെയ്ത് തിരഞ്ഞെടുപ്പ് നടത്താവുന്നതാണ്.

2. എല്ലാ യൂണിറ്റുകളും രൂപതാസമിതിയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

3. യൂണിറ്റുതലത്തിൽ അംഗങ്ങളുടെ പൊതുയോഗത്തിൽ നിന്നാണു ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടത്. യൂണിറ്റിന്റെ ചുമതലയുള്ള വൈദികന്റെ സാന്നിധ്യത്തിലും സമ്മതത്തോടും കൂടിയായിരിക്കും തിരഞ്ഞെടുപ്പ് നടത്തുക.

4. ഓരോ യൂണിറ്റിൽനിന്നും പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രെഷറർ, 2 റീജിയണൽ കൗൺസിലേഴ്സ് ഉൾപ്പടെ 7 പേരെയാണ് തിരഞ്ഞെടുക്കേണ്ടത്. അവരായിരിക്കും യൂണിറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾ.

5. റീജിയണൽ കൗൺസിലേഴ്സ് യൂണിറ്റിനെ അതതു റീജിയണിൽ പ്രതിനിധാനം ചെയ്യുന്നതാണ്. അവരിൽ നിന്നാണ് റീജിയണൽ ഭാരവാഹികളെയും രൂപതാ ഭാരവാഹികളെയും തിരഞ്ഞെടുക്കുന്നത്. ആയതിനാൽ അവരുടെ പ്രവൃത്തിപരിചയം പരിഗണിക്കുന്നത് ഉചിതമായിരിക്കും.

6. റീജിയണൽ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തുന്നത് യൂണിറ്റുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന റീജിയണൽ കൗൺസിലേഴ്സ് ഉൾപ്പെടുന്ന കൗൺസിലിൽ നിന്നായിരിക്കും.

അതതു തലങ്ങളിലെ ഡയറക്ടറും നിലവിലുള്ള എക്സിക്യൂട്ടീവ് അംഗങ്ങളുമാണ് തിരഞ്ഞെടുപ്പിന് നേതൃത്വം നൽകേണ്ടത്. തിരഞ്ഞെടുക്കപ്പെടുന്നവരുടെ പേരും മൊബൈൽ നമ്പറും റീജിയണൽ ഡയറക്ടർക്കും രൂപതാ ഡയറക്ടർക്കും (റവ. സി. ജീൻ മാത്യു എസ്.എച്ച്. +44 7309085138, ഇ-മെയിൽ womenforum@csmegb.org) നൽകേണ്ടതാണ്

മിശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Srampickal

യൗസേപ്പ് സ്രാമ്പിക്കൽ
ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

---

NB: ഈ സർക്കുലർ ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥലങ്ങളിലും 2025 ഫെബ്രുവരി 16 ഞായറാഴ്ച വായിക്കേണ്ടതാണ് (അന്നു വിശുദ്ധ കുർബാന അർപ്പിക്കപ്പെടുന്നില്ലെങ്കിൽ വിശുദ്ധ കുർബാന അർപ്പിക്കുന്ന ഏറ്റവും അടുത്ത ഞായറാഴ്ച വായിക്കേണ്ടതാണ്).